COASTAL
REGENCY
CLUB

# പ്രവർത്തന റിപ്പോർട്ട്

# 2022 – 2023

2023 ഒക്ടോബർ 1ാം തിയ്യതി കോസ്റ്റൽ റീജൻസി ക്ലബിൽ വെച്ച് പ്രസിഡന്റ് ജിനോപൊയ്യാറ യുടെ അദ്ധ്യക്ഷതയിൽ കോസ്റ്റൽ റീജൻസി ക്ലബിന്റെ പൊതുയോഗത്തിൽ അവതരിപ്പിക്കുന്ന 15-08-2022 മുതൽ 30-09-2023 വരെയുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ട്

ഈ ക്ലബ്ബിന്റെ ബഹുമാന്യരായ മാന്യമെമ്പർമാരെ,

കോസ്റ്റൽ റീജൻസി ക്ലബിന്റെ ഈ പ്രവർത്തന വർഷം നമ്മെ വിട്ടു പിരിഞ്ഞ എക്സിക്യൂട്ടീവ് അംഗങ്ങളായ ഡോ. റാം മനോഹർ, എം.എൻ. മനോജ്കുമാർ അംഗങ്ങളായ രാമനുണ്ണി പി.കെ, അബൂബക്കർ സി.പി എന്നിവരുടെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നു. ആദരാഞ്ജലികൾ സമർപ്പിക്കുന്നു.

ലോകത്തെ ഭയപ്പെടുത്തിയ മഹാമാരിക്കുശേഷം മനുഷ്യർ സ്വതന്ത്രായി സഞ്ചരിക്കുകയും, ഒത്തുചേർന്ന് സന്തോഷിക്കുകയും, ജീവിതത്തിലേക്ക് തിരിച്ച് വരുകയും ചെയ്ത വർഷം കൂടിയാണ് ഈ പ്രവർത്തനവർഷം എന്നതിൽ ആഹ്ലാദമുണ്ട്.

1-4-2014 മുതൽ ഈ ഭരണസമിതി നിലവിൽ വന്നശേഷം നടക്കുന്ന 7-ാമത്തെ വാർഷിക പൊതുയോഗമാണിത്. 2009 ൽ ആരംഭിച്ച കോസ്റ്റൽ റീജൻസി ക്ലബിന് 2011 ൽ രജിസ്ട്രേഷൻ ലഭിക്കുകയും, ജെയ്സൺ ടി.എ, ശശാങ്കൻ എ.വി, സാനി കെ.ജെ, ജിനോ പൊയ്യാറ, ബൈജു കെ.സി, സുബ്രഹ്മണ്യൻ പി.ബി, മൊഹസിൻ പാണ്ടികശാല, ബിൽട്ടൺ എം.തച്ചിൽ, അഭിലാഷ് ടി.ഡി, ജെറോം.ടി.എ എന്നിവർ പ്രോമോട്ടേഴ്സായി തുടങ്ങിയ ഈ പ്രസ്ഥാനത്തിന്റെ ആദ്യ പ്രസിഡന്റ് ജെയ്സൺ ടി.എ യുടെ നേതൃത്വത്തിൽ തീരദേശത്തെ നമുക്ക് ഇന്ന് സ്വപ്നം കാണാൻ കഴിയാത്ത വിലമതിക്കുന്ന രണ്ട് ഏക്കറോളം ഭൂമിയോടു കൂടി പ്രവർത്തനം ആരംഭിച്ച് വിജയകരമായി മുന്നോട്ട് മാത്രം സഞ്ചരിക്കുകയാണ്. പിന്നീട് കോസ്റ്റൽ റീജൻസി ക്ലബ്ബ് 01-04-2014 മുതൽ ജിനോ പൊയ്യാറയുടെ നേതൃത്വത്തിൽ ബൈജു കെ.സി. സെക്രട്ടറിയായും പ്രഭാതചന്ദ്രൻ ട്രഷററായും 30 അംഗ ഭരണസമിതി നിലവിൽ വരികയും 191 അംഗങ്ങളിൽ തുടങ്ങി 756 അംഗങ്ങളായി ഇന്ത്യയിലെ 14 ൽപരം മികച്ച ക്ലബുകളുടെ അഫിലിയേഷനോടുകൂടി 10 കോടിയിൽ പരം ആസ്തിയുള്ള പ്രൗഢഗംഭീരമായ സമുച്ചയത്തിൽ നമുക്കേവർക്കും അഭിമാനിക്കാവുന്ന സൗകര്യങ്ങളോടെ വിജയകരമായി പ്രവർത്തിച്ചുവരികയാണ്.

കഴിഞ്ഞ വർഷം പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കാനുള്ള നിയമതടസം ഉണ്ടായിരുന്നതിനാൽ മുൻ ഭരണസമിതി തന്നെ തുടരുകയും പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുകയും ചെയ്തു. ഈ വിജയങ്ങൾക്കെല്ലാം പിറകിൽ ഈ ഭരണസമിതിയിലെ ഒരോ അംഗങ്ങളുടെയും മികച്ച പ്രവർത്തനവും ക്ലബിലെ അംഗങ്ങളായ നിങ്ങളുടെ ഓരോരുത്തരുടെയും സഹകരണവും കൊണ്ട് മാത്രമാണെന്നുള്ള കാര്യം സ്നേഹപൂർവ്വം ഓർക്കുന്നു.

ക്ലബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ക്വാട്ടേഷനുകൾ ക്ലബിന്റെ ഗ്രൂപ്പുകൾ മുഖാന്തിരം പ്രസിദ്ധീകരിച്ച ശേഷം ക്വാട്ടേഷനുകളിൽ തീരുമാനങ്ങളെടുക്കാൻ 24-03-2023 കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ തീരുമാനമായി.

പ്രിയരേ 2022-23 വർഷത്തിൽ 3 സ്റ്റാർ Facility യോടു കൂടിയ 4 റൂമുകൾ ഫർണീഷ് ചെയ്ത് റന്റ് ഔട്ട് ചെയ്യാൻ തീരുമാനിച്ചു. ബെഡ്റൂം ഫർണീഷിംഗ് മാത്രമായി 5,27,500 രൂപ ചിലവഴിച്ചു. 4 റൂമുകളിലേക്കായി 3 സ്റ്റാർ 2Ton lloyd Ac, 32 Inch lloyd TV, Curtains, Bed Room Accessories, WiFi Connection. എല്ലാം സജ്ജീകരിച്ചു. മെമ്പേഴ്സിന് 1200 രൂപയും Non Members 1500 രൂപയുമായി നൽകാൻ തീരുമാനിച്ചു. 20-02-2023 കൂടിയ എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ റൂം റന്റ് Club Members ന് 1500 രൂപയും Non Members ന് 1800 രൂപയുമായി ഉയർത്താൻ തീരുമാനമായി.

23-08-2022 ന് കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ Entertainment കമ്മിറ്റി രൂപീകരിക്കാൻ തീരുമാനമായി. ഈ കമ്മിറ്റിയിലേക്ക് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, കെ.എസ്. സുധീർ, സുച്ചിന്ത് പി. എൻ, സുബ്രഹ്മണ്യൻ പി.ബി, ഷിജു കെ.എസ്, വിശ്വേഷ് എന്നിവരെ തെരഞ്ഞെടുത്തു. കൺവീനറായി കെ.എസ്. സുധീറിനെ കമ്മിറ്റി ചുമതലപ്പെടുത്തി. കാർഡ് റൂം സെപ്തംബർ 9 മുതൽ പ്രവർത്തനം ആരംഭിച്ചു. കാർഡ് റൂം പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി കാർഡ് റൂം ബോയിയെ ചുമതലപ്പെടുത്തി. കാർഡ് റൂമിലേക്ക് മികച്ച രീതിയിൽ നിർമ്മിച്ച 20 ചെയറുകളും 2 ടേബിളുകളും ചൊവ്വൂരിലെ Mymbilly Furniture ൽ  നിന്നും (Rs.1, 22,000) വാങ്ങുകയുണ്ടായി

- Club ലെ Health Club ഉപയോഗിക്കുന്നവരിൽ  നിന്ന് മാസം 1 ഫീസ് ഈടാക്കുവാൻ തീരുമാനമായി. ക്ലബിലെ അംഗങ്ങൾക്ക് 100 രൂപയും കുടുബാംഗങ്ങൾക്ക് 200 രൂപയുമാണ് ഈടാക്കുന്നത്.

  Club ൽ പുതിയ സോഫ്റ്റ് വെയർ Install ചെയ്യുന്നതിനായി പൊതു ഗ്രൂപ്പിൽ Quotation Request ഇടുകയും കേരളത്തിലെ ഭൂരിഭാഗം പ്രമുഖ ക്ലബുകളിലും ഉപയോഗിച്ച് വരുന്ന നൂതന സാങ്കേതിക വിദ്യയോടുകൂടി ഇന്നത്തെ ക്ലബിലെ പ്രവർത്തനങ്ങളെ  മികച്ച രീതിയിൽ കൊണ്ടുപോകാൻ സഹായിക്കുന്ന Software Install  ചെയ്ത് ഉപയോഗിച്ച് വരുന്നു.

- നമ്മുടെ ക്ലബിൽ ചെറിയ രീതിയിൽ സ്നാക്സും, ലഘു ഭക്ഷണവും ലഭിക്കുന്ന രീതിയിൽ റസ്റ്റോറന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

  ക്ലബിന്റെ കിച്ചണിലേക്ക് Refrigerator (21900) കിച്ചണിന്റെ 2 Windown ൽ Grill ഫിറ്റ് ചെയ്തു.

- മാസ്റ്റർ പ്ലാൻ അനുസരിച്ച് ക്ലബിൽ Double Court Indoor Stadium നിർമ്മിക്കുവാൻ തീരുമാനിക്കുകയും ഭൂമി തരം തിരിച്ചു കിട്ടിയാൽ നിർമ്മാണം തുടങ്ങുവാനും തീരുമാനം.ഭൂമി തരം മാറ്റുന്നതിനായി Professional Agent നെ ഏൽപിച്ചു.

- ക്ലബിന്റെ Lanscape Beautification ചെയ്യുന്നതിന്റെ ഭാഗമായി മതിലുകൾ വൃത്തിയാക്കുകയും, പെയിന്റിംഗ് ചെയ്ത് Light Arrangement നടത്തുകയും Green edge  Agro Serevice 83540 രൂപക്ക് Beautification നടത്തുകയും ചെയ്തു.

- ക്ലബിലെ Front Portion Quaary Waste നിറച്ച് അംഗങ്ങൾക്ക് വേണ്ടി കാർ പാർക്കിങ്ങിനായി സജ്ജീകരിച്ചു. (40,360)

- ❖ ക്ലബിലെ മുകളിലത്തെ ഒരു റൂം ലോക്കർ റൂമായി സജ്ജീകരിക്കുകയും 20 എണ്ണമുള്ള ലോക്കർ വാങ്ങുകയും ചെയ്തു. 2500 രൂപ ലോക്കർ ഡെപോസിറ്റ് തുകയും 500 രൂപ Yearly Rent മായി ലോക്കർ റൂം സജ്ജീകരിച്ചിരിക്കുന്നു.

  Locker Room ലഭിക്കുവാൻ മെമ്പേഴ്സിൽ നിന്ന് 50 രൂപ വെച്ച് ഈടാക്കി പ്രവർത്തനം ആരംഭിച്ചു.

- ❖ ക്ലബിലെ Currrent A/c ഉള്ള 26 ലക്ഷത്തിൽ നിന്നും 20 ലക്ഷം ഉചിതമായ രീതിയിൽ FD ആക്കി South Indian Bank ൽ നിക്ഷേപിച്ചു.

- ❖ ക്ലബിന്റെ മുകളിലത്തെ നിലയിലായി Mini Hall നിർമ്മിക്കാൻ 28-07-2023 ൽ നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ തീരുമാനിക്കുകയും, ബിൽഡിങ്ങ് കമ്മിറ്റി കൂടി ചുരുങ്ങിയ ക്വാട്ടേഷൻ നൽകിയ Joy David ന്റെ കമ്പനിക്ക് 3,53,600 രൂപക്ക് നൽകാൻ തീരുമാനിക്കുകയും, അതിൽ Flooring ഒഴികെയുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കഴിഞ്ഞവിവരം അറിയിക്കട്ടെ. 10 ദിവസത്തിനോടകം പ്രവർത്തനസജ്ജമായി മിതമായ നിരക്കിൽ ആവശ്യക്കാർക്ക് നൽകാൻ സാധിക്കുമെന്ന് നിങ്ങൾക്ക് ഉറപ്പ് നൽകട്ടെ.

- ❖ നമ്മുടെ മൂന്നാമത്തെ നിലയിൽ പ്രവർത്തിച്ച് വരുന്ന Health Club വിപുലീകരിക്കുന്നതിനായി 07/07/23 കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ തീരുമാനിക്കുകയും 5 ലക്ഷിത്തിനുള്ളിലുള്ള ബഡ്ജറ്റിൽ GYM ന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ തീരുമാനിച്ചു. അതിന്റെ ഉത്തരവാദിത്വം, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, രഞ്ജിത്ത്, സുഷിൽ കെ.എസ്, സുധീർ കെ.എസ്, സിയാൽ സി.ബി, പി.ബി. സുബ്രഹ്മണ്യൻ എന്നിവരടങ്ങിയ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും, ക്വാട്ടേഷൻ ക്ഷണിക്കുകയും കിട്ടിയ ക്വാട്ടേഷനുകളിൽ നിന്നും “Pulse Fitness EKM” ന്റെ ക്വാട്ടേഷൻ പാസാക്കുകയും Multi GYM, Treadmill എന്നീ ഐറ്റംസ് പർച്ചേസ് ചെയ്തു. (2,55,942) മുകളിലത്തെവർക്കിനുശേഷം സജ്ജീകരിക്കാനായി മാറ്റിവക്കുകയും ചെയ്തു.

- ❖ Invertor 210 AH ന്റെ ഫിറ്റ് ചെയ്തു (12500)

- ❖ ക്ലബിൽ Generator ഫിക്സ് ചെയ്യുന്നതിനായി Floor പണിയുകയും Generator 20 KVA Single Phase Cooper ന്റെ Quotation “NOOTHENS TRADE CENTRE” ഓർഡർ ചെയ്യുകയും, അഡ്വാൻസ് തുക 1 ലക്ഷം രൂപ Payment നടത്തുകയും, ജനറേറ്റർ ഒക്ടോബർ 10 നുള്ളിൽ സ്ഥാപിച്ച് പ്രവർത്തനനമാരംഭിക്കുമെന്നും അറിയിക്കുന്നു.

08-11-20222 ൽ കൂടിയ എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ നമ്മുടെ ഈ വർഷത്തെ ‘New Year, X’Mas പ്രോഗ്രാം.‘CRC X’Mas New Year’ 2023 ഗംഭീരമായി നടത്താൻ തീരുമാനിക്കുകയും, പരിപാടിയുടെ പ്രോഗ്രാം ഡയറക്ടറായി സുചിന്ദിനേയും, പ്രോഗ്രാം കോ. ഓർഡിനേറ്റേഴ്സ് ആയി സുഷിൽ കെ.എസ്. സുധീർ കെ.എസ്, രഞ്ജിത്ത് എ.പി. എന്നിവരേയും ചുമതലപ്പെടുത്തി. 300 ൽ പരം കുടുംബാംഗങ്ങൾ പങ്കെടുത്ത ഈ പരിപാടിയിൽ “Mega Music Night’ പ്രോഗ്രാം ഉം, വിഭവസമൃദ്ധമായ വിരുന്നോടുകൂടി കുടുംബാംഗങ്ങൾ ഒത്തുചേർന്ന് ‘CRC X’Mas New Year’ 2023

ആഘോഷിച്ചു. വിജയകരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ പ്രോഗ്രാം ഡയറക്ടർ സുചിന്ദ് പി.എൻ. പ്രോഗ്രാം കോ ഓർഡിനേറ്റേഴ്സ് സുഷിൽ, സുധീർ കെ.എസ്, രഞ്ജിത്ത് എ.പി എന്നിവരെ അഭിനന്ദിക്കുന്നു.

❖ Kollanchery Brookside Clubൽ സംഘടിപ്പിച്ച All Kerala Badminten Tournament ജൂൺ ആദ്യ വാരത്തിൽ നടന്നു. ഇതിൽ പങ്കെടുത്ത നമ്മുടെ അംഗങ്ങളായ ബിനു വിജയൻ, ബിജു മോഹൻ ബാബു എന്നിവർ പങ്കെടുക്കുകയും ടൂർണമെന്റിൽ ജേതാക്കളായി ക്ലബിന്റെ യശസുകൾ ഉയർത്തിയ സന്തോഷം അംഗങ്ങളെ അറിയിക്കട്ടെ. വിജയികൾക്ക് അഭിനന്ദനങ്ങൾ

❖ കേരള ക്ലബ് അസോസിയേഷൻ സംഘടിപ്പിച്ച ജനറൽ ബോഡി മീറ്റിങ്ങിൽ ക്ലബിനെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ജിനോ പൊയ്യാറ, സെക്രട്ടറി കെ.സി. ബൈജു, ട്രഷറർ പ്രഭാത ചന്ദ്രൻ, സുചിന്ദ് പി.എൻ. എന്നിവർ 22 ഫെബ്രുവരി 2023 ന് പങ്കെടുത്ത് നമ്മുടെ ക്ലബിന്റെ ഉയർച്ചയ്ക്ക് വേണ്ട നിർദ്ദേശങ്ങൾ രേഖപ്പെടുത്തി.

❖ 12/04/2023 ൽ നടന്ന എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ ക്ലബിന്റെ കൂട്ടയ്മയ്ക്ക് വേണ്ടി Entertainment പ്രോഗ്രാം മ്യൂസിക് നൈറ്റ് 2023 മെയ് 27 ന് നടത്താൻ തീരുമാനിച്ചു. മ്യൂസിക് നൈറ്റ് 2023 പ്രോഗ്രാം ഡയറക്ടറായി മൊഹസിൻ പാണ്ടികശാലയെ ചുമതലപ്പെടുത്തി. നമ്മുടെ ക്ലബാങ്കണത്തിൽ ഡിന്നറോട് കൂടിയ കലാസംഗീതസംഗമത്തിൽ 200 ൽ പരം കുടുംബാംഗങ്ങൾ പങ്കെടുത്ത് വിജയകരമായി ആഘോഷിക്കുകയും ഉണ്ടായി. ഇതിന് നേതൃത്വം കൊടുത്ത പ്രോഗ്രാം ഡയറക്ടർ മൊഹസിൻ പാണ്ടികശാലക്കും ഇതിനു വേണ്ടി പ്രവർത്തിച്ച മറ്റു അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

❖ ആഗസ്റ്റ് 15 ന് നമ്മുടെ സ്വാതന്ത്ര്യദിനത്തിൽ നമ്മുടെ ക്ലബാങ്കണത്തിൽ പ്രസിഡന്റിന്റെ നേതൃത്വത്തിൽ സി.ആർ.സി കുടുംബാംഗങ്ങളോടൊപ്പം ദേശീയ പതാക ഉയർത്തുകയും മധുര വിതരണത്തോടുകൂടി സ്വാതന്ത്ര്യദിനം ആഘോഷിക്കുകയും ഉണ്ടായി.

❖ 28 - 07 - 2023 ൽ നടന്ന എക്സിക്യൂട്ടീവ് യോഗത്തിൽ ഓണാഘോഷം നടത്താൻ തീരുമാനിക്കുകയും അതിന്റെ പ്രോഗ്രാം ഡയറക്ടറായി സുഷിൽ കെ.എസിനെയും, പ്രോഗ്രാം. കോ - ഓഡിനേറ്റേഴ്സായി രഞ്ജിത്ത് എ.പി, മൊഹസിൻ പാണ്ടികശാല എന്നിവരെയും തെരഞ്ഞെടുത്തു. ഓണാഘോഷ പരിപാടി സെപ്തംബർ 9 ന് നടത്താൻ തീരുമാനിച്ചു. പൊന്നോണം, ആർപ്പോ 2023 വിവിധ കലാപരിപാടികളോട് കൂടിയാണ് നടന്നത്. തിരുവാതിരകളി, കൈകൊട്ടികളി, ഗാനമേള അതിനുശേഷം നല്ല രീതിയിലുള്ള വിരുന്നോടുകൂടി 400ൽ പരം കുടുംബാംഗങ്ങൾ ഒത്തുകൂടി വിജയകരമാക്കി. ഇതിന് നേതൃത്വം കൊടുത്ത പ്രോഗ്രാം ഡയറക്ടർ സുഷിൽ കെ.എസിനെയും കോ - ഓഡിനേറ്റേഴ്സ് ആയ രഞ്ജിത്ത് എ.പി., മൊഹസിൻ പാണ്ടിക്കശാല എന്നിവർക്ക് അഭിനന്ദനങ്ങൾ.

ബഹുമാനപ്പെട്ട ചാവക്കാട് മുൻസിഫ് കോടതി മുമ്പാകെ ക്ലബിനെതിരെ അടിസ്ഥാന രഹിതമായതും തെറ്റായതുമായ കാരണങ്ങൾ ബോധിപ്പിച്ച് ഫയലാക്കിയിരുന്ന 3 കേസുകളിൽ സഞ്ജിത്ത് എന്നിവർ അന്യായക്കാരനായി ഉണ്ടായിരുന്ന OS 589/2018 ൽ നമ്പർ കേസ് അന്യായകാരനായിരുന്ന സഞ്ജിത്ത്

തുടർന്ന് നടത്തുന്നില്ല എന്ന് ബഹുമാനപ്പെട്ട കോടതി മുമ്പാകെ ബോധിപ്പിച്ചതിൽ വെച്ച് ടി.എസ്. 10/08/2022 തിയ്യതി 'Dismissed as not pressed എന്ന് പറഞ്ഞ് തള്ളി വിധിയായിട്ടുള്ളതാണ്. അതുല്യ ഘോഷ് അന്യായക്കാരനായി ബോധിപ്പിച്ച OS 952/2018 നമ്പർ കേസ് സത്യാവസ്ഥ മനസ്സിലാക്കി. പിൻവലിക്കുകയും ക്ലബിന്റെ ഉന്നമനത്തിനുവേണ്ടി നമ്മോട് ഒപ്പം പ്രവർത്തിക്കാൻ തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. സുഹാസ് അന്യായക്കാരനായി ബോധിപ്പിച്ച OS 740/2019 നമ്പർ കേസ് മാത്രം ഇപ്പോൾ നിലവിലുള്ളതും അതിൽ ക്ലബ് പത്രിക ബോധിപ്പിച്ച് തർക്കിച്ച് വരുന്നതും Appearance of parties എന്നു പറഞ്ഞ് 01-12-2023 തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതുമാണ്. നമ്മുടെ കേസുകൾ നടത്തി ക്ലബിന് അനുകൂലമായ വിധി നേടി തന്ന കേരളത്തിലെ തന്നെ പ്രസിദ്ധ Senior അഭിഭാഷകൻ ചാക്കോ വക്കീലിനും നമ്മുടെ ലീഗൽ അഡ്വൈസറായ സി.വി. വിശ്വേഷിനേയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

കഴിഞ്ഞ വർഷങ്ങളിൽ COVID PANDEMIC ന്റെ പ്രതിസന്ധിയിൽ ക്ലബിനെതിരെയുള്ള കേസുകളും എതിർകക്ഷികൾ സമൂഹത്തിൽ പ്രചരിപ്പിച്ച ദുഷ്പ്രചരണങ്ങളും മറി കടന്ന് ക്ലബിലേക്ക് കൂടുതൽ അംഗങ്ങളെ ചേർത്തി നമ്മൾ സ്വപ്നം കണ്ട കോസ്റ്റൽ റീജൻസി ക്ലബിനെ ഭാവനയ്ക്കൊത്ത് ഉയർത്തി കൊണ്ട് നമ്മൾ ലക്ഷ്യപ്രാപ്തിയിലേക്ക് മുന്നേറികൊണ്ടിരിക്കുകയാണെന്നും ക്ലബിന്റെ നൻമ ആഗ്രഹിക്കുന്ന ഓരോ അംഗങ്ങളുടേയും പിന്തുണ അഭ്യർത്ഥിച്ചുകൊണ്ട് നമ്മൾ ഓരോരുത്തരും മനസ്സിൽ നിറം നൽകിയ സ്വപ്നം പൂർത്തികരിക്കാൻ നിങ്ങൾ ഓരോരുത്തരുടേയും സഹകരണവും, പ്രവർത്തനവും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ക്ലബിന്റെ മാർഗ്ഗദർശികളായ രക്ഷാധികാരികൾ V.P. Nandakumar Adv. Reghu Rama Panicker, Unnikrishnan Thashanath, മുൻ പ്രസിഡന്റ് Jaison T.A ക്ലബിനെ ഉന്നതിയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ പ്രസിഡന്റ് ജിനോ പൊയ്യാറ സാമ്പത്തിക കാര്യങ്ങൾ അച്ചടക്കത്തോടെ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന ട്രഷറർ പ്രഭാതചന്ദ്രൻ, വൈസ് പ്രസിഡന്റുമാരായ Subramanian P.B, Sasankan A.V, ജോയിന്റ് സെക്രട്ടറി Mohasin Pandikasala, Legal Advisor Adv. C.V. Viswesh, auditor Ramakrishnan A. ഭരണസമിതി അംഗങ്ങളായ Sani K.J., Bilton M Thachil, Babu V.V, Mahadevan, Ranjith A.P, Santhosh C.V, Dr. Ram Manohar (Late), Manoj Kumar M.N (Late), Reghu Pulikkal, Antony A.A, Sushil K.S, Shaji C.P, Sial C.B, Subash N.R, Sreevalsan M G, Suchind P.N, Renadev V.N, Lathishmenon V, Sujeshkumar, Sudheer K.S, ബിൽഡിങ്ങ് കമ്മിറ്റി, കാർഡ് റൂം കമ്മിറ്റി, Office Staff മറ്റു സ്റ്റാഫുകൾ എല്ലാവരോടും സ്നേഹപൂർവ്വം ഈ അവസരത്തിൽ നന്ദി അറിയിക്കുന്നതോടൊപ്പം പുതിയ ഭരണ സമിതിക്ക് എല്ലാ പിന്തുണയും ആശംസകളും നേർന്നു കൊണ്ട് 2022-23 ലെ പ്രവർത്തന റിപ്പോർട്ട് പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

"WINNERS DONT DO DIFFERENT THINGS THEY DO THINGS DIFFERNTLY" -

വിജയികൾ വ്യത്യസ്തമായി ഒന്നും ചെയ്യുന്നില്ല. വ്യത്യസ്തമായ രീതിയിൽ പ്രവർത്തിക്കുന്നവർ വിജയികളാവുന്നു.

സെക്രട്ടറി

കെ.സി. ബൈജു